(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയ നഷ്ട പരിഹാരസംഖ്യ എത്രയാണെന്ന്, വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിന് ഉത്തരവാദികളാരാണ്;

(ഡി) ഇവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3000 രൂപ വീതം സഹായധനം നൽകുകയുണ്ടായി.

(ബി) നഷ്ടപരിഹാരം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) റയിൽവേ സേഫ്റ്റി കമ്മീഷണർ നടത്തിയ അന്വേഷണത്തിലെ നിഗമനത്തിന്റെ വെളിച്ചത്തിൽ ഇത് തികച്ചും ഒരാകസ്മിക സംഭവമാണെന്നും റയിൽവേ പാളത്തോടു ചേർന്നു നിന്ന്, വെടിക്കെട്ടു കണ്ട ജനം വെടിക്കെട്ടിന്റെ വലിയ ശബ്ദം കേട്ട് പാളത്തിലേക്ക് പിൻമാറിയതുമൂലമാണിതുണ്ടായതെന്ന് കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി രാജ്യസഭയിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

റയിൽവേ അധികൃതരോ, റയിൽവേ ജീവനക്കാരോ ഈ സംഭവത്തിനുത്തരവാദികളല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ റയിൽപ്പാളത്തിനു സമീപം വെടിക്കെട്ട് മുതലായ പരിപാടികളും നടത്തുന്നത് നിരോധിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് ആവശ്യപ്പെട്ടു. റയിൽപ്പാളത്തിനു സമീപം വെടിക്കെട്ട് മുതലായ പരിപാടികൾ മേലിൽ നടക്കാതെ നോക്കിക്കൊള്ളാൻ വേണ്ട ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.

(ഡി) ചോദ്യം "സി" യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിഗണിക്കുവാൻ നിർവ്വാഹമില്ല.

കേരളത്തിലെ റയിൽവേ വികസനം

529 [586] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റയിൽവേ വികസനത്തിനുവേണ്ടി ഇക്കൊല്ലം ബഡ്ജറ്റിൽ എത്ര തുകയാണ് വകകൊള്ളിച്ചിട്ടുള്ളത്;

(ബി) ഇതിൽ മലബാർ പ്രദേശത്തിനുവേണ്ടി എത്ര തുക ഉണ്ട്. ഇക്കൊല്ലം അനുവദിച്ച തുക കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് കുറവാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിന് ഇക്കൊല്ലം പുതിയ റെയിൽവേ ലൈനുകളൊന്നും തന്നെ കേന്ദ്രം അനുവദിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1986-87 ലേക്കുള്ള കേന്ദ്ര റയിൽവേ ബഡ്ജറിൽ കേരള റീജിയണിലെ റയിൽവേയുടെ വികസനപ്രവർത്തനങ്ങൾക്കായി 21.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മലബാർ പ്രദേശത്തേക്ക് മാത്രമായി പ്രത്യേക അലോട്ടുമെന്റ് കണക്കാക്കിയിട്ടില്ല. കേരള റീജിയന് മൊത്തമായി 21.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള റീജിയന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിനേക്കാൾ 7.06 കോടി രൂപ കൂടുതലാണിപ്പോൾ അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

കോന്നിയിലുള്ള മണ്ണുസംരക്ഷണ ഗവേഷണകേന്ദ്രം

530 [587] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള മണ്ണു സംരക്ഷണ ഗവേഷണ കേന്ദ്രം തുടങ്ങിയതിനുശേഷം ഇന്നേവരെ എന്തെല്ലാം ഗവേഷണങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) ഈ കേന്ദ്രത്തിന്റെ നടത്തിപ്പിന് ഇതിനകം ലക്ഷത്തിനിന്നും ചെലവായ തുക എത്ര;

(സി) ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദ്യകാലത്ത് താഴെപ്പറയുന്ന മണ്ണ് സംരക്ഷണ പരീക്ഷണങ്ങളാണ് നടത്തിയിരുന്നത്.

1. Spacing-cum-Inter Culture Studies.
2. System of Planting Tapioca.
3. Cover Crop Experiments
4. Engineering Experiments.

ഈ പരീക്ഷണങ്ങൾ നിറുത്തിവയ്ക്കാനും മറ്റു പുതിയ ഗവേഷണങ്ങൾ ആരംഭിക്കാനും ഈ കേന്ദ്രം സന്ദർശിച്ച കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധന്മാർ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് 'Strip-Cropping Studies in Soil Erosion Control' ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ബി) 95 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly